ഭരണഭാഷ — മാതൃഭാഷ

**നമ്പർ. സി2/12984/റ്റി.സി/2013**

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി, **03/07/2013.**

പ്രേഷിതൻ,
ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,
എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ (എൻഫോഴ്സ്മെന്റ്) മാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — ലേൻ ട്രാഫിക് നിർദ്ദേശങ്ങൾ — സംബന്ധിച്ച്

സൂചന :- ഇതേ നമ്പറിലെ 13/06/2013 പ്രകാരമുള്ള കത്തും 18/06/2013 ലെ ഇ-മെയിലും.

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. നാലുവരി പാതകളിൽ ഡ്രൈവർമാരിൽ ലേൻ മര്യാദ പാലിക്കുന്നത് സംബന്ധിച്ച് നിർദ്ദേശം ഇതിന് മുൻപ് തന്നിരുന്നു. എന്നാൽ ഈ വിഷയത്തിൽ നമ്മുടെ ഉദ്യോഗസ്ഥർക്കു തന്നെ വേണ്ടത്ര അറിവില്ല എന്ന് അഭിപ്രായമുണ്ട്. ആയതിനാൽ സൂചനകളിലെ കത്തുകൾക്ക് തുടർച്ചയായി ലൈൻ ട്രാഫിക്കുമായി ബന്ധപ്പെട്ട പ്രധാന കാര്യങ്ങൾ അറിയിക്കുന്നു.

* വാഹനങ്ങൾ ഇടതുവശം ചേർന്ന് പോവുക.
* വലിയ വാഹനങ്ങൾ, ചരക്കു വാഹനങ്ങൾ എന്നിവ നിർബന്ധമായും ഇടതു വശം ചേർന്ന് പോവുക.
* വലതു വശത്തെ ലെയിൻ വേഗതയിൽ വരുന്ന വാഹനങ്ങൾക്ക് തടസ്സം കൂടാതെ കടന്നു പോകുന്നതിന് ഒഴിച്ചിടുക.
* ലെയിൻ മാറുമ്പോൾ നിർബന്ധമായും, ഇന്റിക്കേറ്ററോ കൈയോ ഉപയോഗിച്ച് സിഗ്നൽ കാണിക്കുക.
* വാഹനം വരകൾക്കുള്ളിലായിരിക്കണം.
* മധ്യഭാഗത്തു കൂടിയുള്ള യാത്ര തെറ്റാണ്.
* മോട്ടോർ സൈക്കിളുകൾ, ചരക്കുവാഹനങ്ങൾ, ഓട്ടോറിക്ഷകൾ തുടങ്ങിയ വേഗത കുറഞ്ഞ വാഹങ്ങൾ നിർബന്ധമായും ഇടതുവശത്തെ ലൈനിൽക്കൂടി പോവുക.

ഇവ നിർബന്ധമായും പാലിക്കുന്നുണ്ടെന്നറിയുവാൻ നിർദ്ദേശം നൽകണം.

വിശ്വസ്തതയോടെ,

ഒപ്പ്

ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്)
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

അംഗീകാരത്തോടെ

5/7/2013

ജൂനിയർ സൂപ്രണ്ട്

എസ്. ആർ.

മോട്ടോർവാഹന വകുപ്പ്, കേരള